STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.249/PR/SPMC/PHQ/2022 Date: 29.11.2022

## വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പാസിങ് ഔട്ട് പരേഡ് വ്യാഴാഴ്ച തൃശ്ശൂരിൽ; മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും

വനിതാ പോലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡ് തൃശ്ശൂരിലെ കേരള പോലീസ് അക്കാദമിയിൽ വ്യാഴാഴ്ച നടക്കും. രാവിലെ ഒൻപതുമണിക്ക് ആരംഭിക്കുന്ന പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി അഭിവാദ്യം സ്വീകരിക്കും. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഉൾപ്പെടെ ഉന്നത പോലീസുദ്യോഗസ്ഥർ പരേഡിൽ സംബന്ധിക്കും. 109 വനിതകളാണ് പരിശീലനം പൂർത്തിയാക്കി സേനയുടെ ഭാഗമാകുന്നത്.

കഴിഞ്ഞവർഷം ഡിസംബർ എട്ടിനാണ് ഇവരുടെ പരിശീലനം ആരംഭിച്ചത്. ഒൻപത് മാസത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർക്ക് വിവിധ ആയുധങ്ങൾ ഉപയോഗിക്കുന്നതിലും കൗണ്ടർ അർബൻ ടെററിസം, ബോംബ് ഡിറ്റക്ഷൻ, വി.ഐ.പി സെക്യൂരിറ്റി എന്നിവയിലും പരിശീലനം നൽകി. ഇന്ത്യൻ ഭരണഘടന, ഇന്ത്യൻ ശിക്ഷാനിയമം, ക്രിമിനൽ നടപടിക്രമം, തെളിവ് നിയമം, പോലീസ് സ്റ്റേഷൻ മാനേജ്മെന്റ്, ട്രാഫിക്ക് മാനേജ്മെന്റ്, കേസന്വേഷണം, വി.ഐ.പി ബന്തവസ്സ് എന്നിവയിലും പരിശീലനം നൽകിയിട്ടുണ്ട്.

മലപ്പുറത്തെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഭീകരവിരുദ്ധ പരിശീലനവും ഹൈ ആൾട്ടിട്യൂഡ് പരിശീലനവും ഇവർക്ക് ലഭിച്ചു.

******************************